ഇടുക്കി രൂപതാ മുഖപത്രം

# ഇടയൻ

Media Commission
Diocese Of Idukki

വാല്യം : 07 ലക്കം : 02 ഫെബ്രുവരി 2023

# അധ്യാപകർ കുട്ടികളുടെ മാതാപിതാക്കളാകണം: മാർ തോമസ് തറയിൽ





അധ്യാപകർ കുട്ടികളുടെ മാതാപിതാക്കളാകണമെന്ന് ചങ്ങനാശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ തോമസ് തറയിൽ. ഇടുക്കി രൂപതാ കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് രൂപതാ സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. മാതാപിതാക്കളിൽ നിന്ന് ലഭിക്കുന്ന ഗുണങ്ങളെ വളർത്താനും, പരിപോഷിപ്പിക്കാനും കഴിയുന്നത് അധ്യാപകർക്കാണ്. അതുപോലെ കുട്ടികളിലെ തെറ്റുകൾ തിരുത്താനും, ശാസിക്കാനും കഴിയുന്നതും അധ്യാപകർക്കാണ്. അധ്യാപകർ കുട്ടിയുടെ വളർത്തുപിതാവും, മാതാവുമാണ്. കൂടെ നിർത്തുക, ചേർത്ത് നിർത്തുക, ആശ്വസിപ്പിക്കുക എന്നത് ഗുരുവിന്റെ കടമയാണ്. വടിയെടുക്കുന്നതും ശിക്ഷിക്കുന്നതും, ശാസിക്കുന്നതും മാതൃ - പിതൃസഹജമായ വികാരത്തോടെയാവണമെന്നും പിതാവ് കൂട്ടിച്ചേർത്തു. ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. അബ്രാഹം പുറയാറ്റ് അദ്ധ്യക്ഷനായിരുന്നു. രൂപതാ വിദ്യാഭ്യാസ ഏജൻസി സെക്രട്ടറി റവ. ഡോ. ജോർജ് തകിടിയേൽ, മുരിക്കാശേരി സെന്റ് മേരീസ് ഫൊറോനാ വികാരി റവ. ഫാ.ജോസ് നരിതൂക്കിൽ, പാവനാത്മ കോളേജ പ്രിൻസിപ്പാൾ ഡോ. ബെന്നോ പുതിയാപറമ്പിൽ, ടീച്ചേഴ് ഗിൽഡ് രൂപതാ പ്രസിഡണ്ട് ബിനോയി മഠത്തിൽ, മുരിക്കാശേരി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ ജോസഫ് മാത്യു, ഹെഡ്മാസ്റ്റർ ജോയി ജോസഫ്, ഹെഡ്മിസ്ട്രസ് ബീന. പി.വി, ജിജി എബ്രാഹം എന്നിവർ സംസാരിച്ചു.









ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം ഓരോ നോമ്പു കാലവും വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാലഘട്ടമാണ്. നോമ്പ്കാലത്ത് നമ്മൾ എന്താണ് ചെയ്യേണ്ടത്? ഓരോ വർഷവും നോമ്പു കാലം അടുക്കുമ്പോൾ നമ്മൾ ഈ പഴയ ചോദ്യത്തിനുത്തരം കണ്ടെത്തുവാൻ ശ്രമിക്കുന്നു. പുതിയ തീരുമാനങ്ങളും നിയന്ത്രണങ്ങളും നോമ്പ് കാലത്ത് സ്വീകരിക്കുവാൻ നാം ഒരുങ്ങാറുണ്ട്. ആഗോളസഭയുടെ തലവനായ ഫ്രാൻസിസ് പാപ്പ നോമ്പ്കാലത്ത് നാം ചെയ്യേണ്ട വിവിധ കാര്യങ്ങളെപ്പറ്റി വ്യത്യസ്ത പ്രസംഗങ്ങളിൽ നൽകിയിട്ടുള്ള 10 നിർദേശങ്ങളാണ് ഇനി നാം ധ്യാനിക്കുന്നത്.

### 1. അലസതയുടെ അടിമത്വത്തിൽ നിന്നും മോചിതനാവുക

''നോമ്പ് കാലം കൂടുതൽ ആത്മീയ വളർച്ചയുടെ ഒരു കാലമാണ്, നമ്മൾ ഓരോരുത്തരിലും മാറ്റങ്ങളും മനപരിവർത്തനവും ഉളവാക്കുന്ന ഒരു വഴിത്തിരിവിന്റെ കാലം. നമ്മൾ കൂടുതൽ നന്മയുള്ളവരാകേണ്ടിയിരിക്കുന്നു, നന്മയ്ക്കുവേണ്ടി നാം നമ്മെത്തന്നെ മാറ്റേണ്ടിയിരിക്കുന്നു. നമ്മുടെ പഴയ ചിട്ടകളേയും അലസതയേയും നമ്മളെ കുടുക്കിയിരിക്കുന്ന തിന്മയുടെ കുടിലതകളേയും ഉപേക്ഷിക്കുവാൻ ഈ നോമ്പുകാലത്ത് നമുക്കു കഴിയണം.''

### 2. സ്വയം വേദന നൽകുന്ന സഹനങ്ങളെ സ്വീകരിക്കുക

''സ്വയം ഇല്ലാതാക്കുവാനും സഹനം അനുഭവിക്കുവാനും പറ്റിയ ഒരു കാലഘട്ടമാണ് നോമ്പ് കാലം; ശരിയായ ദാരിദ്ര്യം വേദനയുളവാക്കുന്നതാണ് എന്ന കാര്യം നമുക്ക് മറക്കാതിരിക്കാം. ദാരിദ്ര്യം സ്വീകരിച്ചുകൊണ്ട് മറ്റുള്ളവരെ സഹായിക്കുവാൻ കഴിയുന്ന എന്ത് പ്രവൃത്തി നമുക്ക് ചെയ്യുവാൻ സാധിക്കും എന്ന് നാം സ്വയം ചോദിക്കണം.''

### 3. നിസ്സംഗതയുള്ളവരായിരിക്കരുത്

''ദൈവത്തോടും നമ്മുടെ അയൽക്കാരോടും നിസ്സംഗത പുലർത്തുക എന്നത് ക്രൈസ്തവരായ നമ്മളെ സംബന്ധിച്ചിടത്തോളം വലിയ ഒരു പ്രലോഭനമാണ്. നോമ്പുകാലത്ത് നമ്മുടെ ഉള്ളിന്റെ ഉള്ളിൽ നമ്മളെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളിൽ ദൈവത്തിന്റെ സ്വരം ശ്രവിക്കുവാൻ നാം തയ്യാറാവണം. നമ്മുടെ ലോകത്തോട് ദൈവം നിസ്സംഗത കാണിച്ചില്ല; അതുപോലെ നാമും നിസംഗത പുലർത്താൻ പാടില്ല''.

### 4. നമ്മുടെ ഹൃദയം ദൈവത്തിന്റെ ഹൃദയം പോലെ ആക്കിത്തീർക്കണമേയെന്ന് പ്രാർത്ഥിക്കുക.

''യേശുവിന്റെ തിരുഹൃദയത്തോടുള്ള പ്രാർത്ഥന വഴി നമുക്ക് കരുണയും ഉദാരമനസ്കതയും നിറഞ്ഞ ഒരു ഹൃദയം ലഭിക്കും. സഹോദരീ സഹോദരൻമാരെ, ഈ നോമ്പ് കാലത്ത് നമുക്കെല്ലാവർക്കും ദൈവത്തോട് ഇപ്രകാരം അപേക്ഷിക്കാം: ഞങ്ങളുടെ ഹൃദയം അങ്ങയുടെ ഹൃദയം പോലെ രൂപാന്തരപ്പെടുത്തേണമേ.''

### 5. കൂദാശകളിൽ പങ്കെടുക്കുക.

''യേശുവിനു സദൃശ്യരായി നാം മാറുവാൻ നമ്മെത്തന്നെ അവിടുത്തേക്ക് സമർപ്പിക്കുവാൻ പറ്റിയ സമയമാണ് നോമ്പ് കാലം. ദൈവവചനം ശ്രവിക്കുകയും കൂദാശകളിൽ പ്രത്യേകിച്ച് വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുകയും, ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്യുന്നതു വഴിയാണ് ഇത് സംഭവിക്കുന്നത്. ഇവിടെ നമ്മൾ സ്വീകരിക്കുന്നതെന്തോ അതായി നമ്മൾ മാറുന്നു: അതായത് യേശുവിന്റെ ശരീരമായി നാം മാറ്റപ്പെടുന്നു.''

### 6. പ്രാർത്ഥനയിൽ വ്യാപൃതരായിരിക്കുക

''ഓരോ നിമിഷവും നമ്മളെ വേദനിപ്പിക്കുകയും നമ്മുടെ ഹൃദയങ്ങളെ കഠിനമാക്കുകയും ചെയ്യുന്ന നിരവധി മുറിവുകൾ ഉണ്ട്. അത്തരം അവസരങ്ങളിൽ പ്രാർത്ഥനയാകുന്ന സമുദ്രത്തിലേക്ക് എടുത്തു ചാടുവാൻ വിളിക്കപ്പെട്ടവരാണ് നമ്മൾ. ദൈവിക സ്നേഹത്തിന്റെ സമുദ്രമാണ് പ്രാർത്ഥന. ഇവിടെ ദൈവത്തിന്റെ അനന്തമായ സ്നേഹത്തെ അനുഭവിക്കുവാൻ നമുക്ക് സാധിക്കുന്നു. പ്രാർത്ഥനയുടെ സമയമാണ് നോമ്പ് കാലം. കൂടുതൽ താൽപര്യത്തോടെ സുദീർഘമായി പ്രാർത്ഥിക്കേണ്ട സമയമാണിത്. അതുപോലെ നമ്മുടെ സഹോദരൻമാരുടെ ആവശ്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കേണ്ട സമയം; ദാരിദ്ര്യത്തിന്റെയും, സഹനത്തിന്റെയും നിരവധി സാഹചര്യങ്ങളിൽ ദൈവത്തിന്റെ തിരുമുമ്പാകെ പ്രാർത്ഥന വഴി മാധ്യസ്ഥം വഹിക്കേണ്ട സമയം. ഇങ്ങനെയെല്ലാം നോമ്പ് കാലത്തെ വിശേഷിപ്പിക്കാം''.

### 7. ത്യാഗപൂർണ്ണമായ ഉപവാസത്തിന് തയാറാകുക

''നമ്മുടെ ഉപവാസം 'നമുക്ക് ഇഷ്ടപ്പെട്ട രീതിയിൽ' ത്യാഗങ്ങൾ ഇല്ലാത്ത, പേരിനു മാത്രമുള്ള ഉപവാസമാകാതിരിക്കുവാൻ ശ്രദ്ധിക്കണം.' ഉപവാസം നമ്മുടെ സുഖസൗകര്യങ്ങളെ ചോദ്യം ചെയ്യുകയാണെങ്കിൽ ആ ഉപവാസം കൊണ്ട് ഏറെ ഗുണമുണ്ട്. നാം എടുക്കുന്ന ഉപവാസം മറ്റുള്ളവരുടെ ക്ഷേമത്തിനു കാരണമാവുകയാണെങ്കിൽ അത് ഏറെ ഫലവത്തായിരിക്കും. തന്റെ സഹോദരനെ സഹായിക്കുകയും പരിചരിക്കുകയും ചെയ്ത ഒരു 'നല്ല സമരിയാക്കാരനെ' പോലെ നമ്മുക്ക് ഉപവസിക്കാം.''

### 8. ദാനധർമ്മത്തിൽ കൂടുതൽ തീക്ഷ്ണത പുലർത്തുക


''എന്തും വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഒരു സംസ്കാരം നിലനിൽക്കുന്ന ഇക്കാലത്ത് ദാനധർമ്മങ്ങൾ നമ്മുടെ നിത്യജീവിതത്തിന്റെ ഒരു ഭാഗമേ അല്ലാതായി മാറിയിരിക്കുന്നു. ഓരോന്നിനും അതിന്റേതായ അളവുകോലുണ്ട്. 'കൈവശം വെക്കുവാനുള്ള ത്വരയിൽ നിന്നും, നമുക്കുള്ളത് നഷ്ടപ്പെടുമോ എന്ന ഭയത്തിൽ നിന്നും നാം മോചിതരാകേണ്ടിയിരിക്കുന്നു. ദാനധർമ്മ പ്രവൃത്തികൾ സ്വതന്ത്രമായി നൽകുന്നതിന്റെ സന്തോഷം അനുഭവിക്കുവാൻ നമ്മളെ പ്രാപ്തരാക്കുന്നു'. ഈ നോമ്പുകാലത്ത് ദാനധർമ്മത്തിൽ കൂടുതൽ തീക്ഷ്ണത പുലർത്തുക''.

### 9. പാവങ്ങളെ സഹായിക്കുക

''ദരിദ്രരിലും പുറന്തള്ളപ്പെട്ടവരിലും നമുക്ക് ക്രിസ്തുവിന്റെ മുഖം ദർശിക്കുവാൻ കഴിയും; ദരിദ്രരെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്നതു വഴി, നമ്മൾ യേശുവിനെ സഹായിക്കുകയും സേവിക്കുകയുമാണ് ചെയ്യുന്നത്. അനാഥത്വത്തിനും നിരാശ്രയത്വത്തിനും കാരണമാകുന്ന വിവേചനത്തിന്നും മറ്റ് ദുരാചാരങ്ങൾക്കും അറുതി വരുത്തുവാനായിരിക്കണം നമ്മുടെ പരിശ്രമങ്ങൾ. ആർഭാടം, സമ്പത്ത് എന്നിവ നമ്മുടെ മനസ്സിലെ പ്രതിഷ്ഠകൾ ആകുമ്പോൾ അവ നമ്മിൽ മേൽക്കോയ്മ നേടുന്നു. അതിനാൽ ഈ നോമ്പ്കാലത്ത് നീതി, സമത്വം, ലാളിത്യം, പങ്കുവയ്ക്കൽ എന്നിവ വഴിയായി ജീവിതത്തിൽ പരിവർത്തനം നടത്തേണ്ടത് ആവശ്യമാണ്.''

### 10. സുവിശേഷം പ്രഘോഷിക്കുക

''കാരുണ്യത്തിന്റെയും പ്രത്യാശയുടെയും പ്രതീക്ഷയുടേയും സുവിശേഷപ്രഘോഷകരാകുവാൻ ദൈവം ഈ നോമ്പുകാലത്ത് നമ്മോട് ആവശ്യപ്പെടുന്നു. സുവിശേഷമാകുന്ന സദ്വാർത്ത പ്രഘോഷിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക എന്നത്, ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന നിധി പങ്കുവയ്ക്കുന്നതും, നുറുങ്ങിയ ഹൃദയങ്ങളെ ആശ്വസിപ്പിക്കുന്നതും ഇരുട്ടിൽ ജീവിക്കുന്ന സഹോദരീ സഹോദരൻമാർക്ക് പ്രതീക്ഷയാകുന്ന വെളിച്ചം നൽകുന്നതുമാണ്. ഇത് അതീവ ആനന്ദം നൽകുന്ന ഒരനുഭവമാണ്. പുത്തൻ പ്രതീക്ഷ പകരുന്ന സുവിശേഷപ്രഘോഷകരാകുവാൻ ദൈവം നമ്മോട് ആവശ്യപ്പെടുന്നു''.



എഡിറ്റോറിയൽ

# തീർത്ഥാടനം

ക്രിസ്തീയ ജീവിതം ഒരു തീർത്ഥാടനമാണ്. വിശുദ്ധ ഗ്രന്ഥത്തിന്റെ ആരംഭം മുതലേ ഈ തീർത്ഥയാത്ര അനാവൃതമാണ്. കാനാൻദേശം സ്വപ്നം കണ്ടുള്ള ഇസ്രായേൽ ജനതയുടെ തീർത്ഥയാത്രയാൽ സമ്പന്നമാണ് പഴയനിയമം. എല്ലാ തീർത്ഥാടനങ്ങളും ദൈവത്തെ കണ്ടുമുട്ടാനും ദൈവത്തിൽ എത്തിച്ചേരാനും ഉതകുന്നതാണ്. യാത്ര ദൈവത്തിലേക്ക് ആയതുകൊണ്ടും ആ യാത്രയിൽ ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും പുണ്യങ്ങൾ വിരിയുന്നതു കൊണ്ടുമാണ് അത് തീർത്ഥയാത്രയായി മാറുന്നത്. തീർത്ഥാടനം ആത്മീയതയിൽ കരുത്താർജിക്കാനുള്ള മാർഗമാണ്. ശരീരത്തിൽ സഹിച്ച ക്രിസ്തുവിനോടുള്ള ഐക്യപ്പെടലാണ് സഹനങ്ങൾ പേറിയുള്ള തീർത്ഥാടനങ്ങൾ.

ആദിമകാലം മുതൽ ജനം തീർത്ഥാടനങ്ങൾ നടത്തുന്നുണ്ട്. എല്ലാ സ്ഥലങ്ങളിൽനിന്നും വിശ്വാസികൾ ജെറുസലേം ദേവാലയത്തിലേക്ക് എത്തിയിരുന്നു എന്ന് വിശുദ്ധ ഗ്രന്ഥം സാക്ഷിക്കുന്നു. വെയിലും മഴയും ക്ഷീണവുമൊക്കെ സഹിച്ചുള്ള യാത്രയ്ക്കൊടുവിൽ ദൈവാനുഭവത്തിന്റെ ആനന്ദം സ്വന്തമാക്കുന്നു എന്നതാണ് തീർത്ഥാടനത്തിന്റെ നന്മ. ഈ യാത്ര പച്ചയായ ജീവിത അനുഭവങ്ങളുടെ അനുസ്മരണമാണ്. ചുട്ടുപൊള്ളുന്ന വെയിലും ഇടവഴിയിലെ തണലും ശാരീരിക ക്ഷീണവും എല്ലാം സമ്മിശ്ര വികാരങ്ങളാൽ നയിക്കപ്പെടുന്ന മനുഷ്യ ജീവിതത്തിന്റെ ഓർമ്മപ്പെടുത്തലാണ്. ഈ ദുഃഖ സന്തോഷ ആശ്വാസ സമയങ്ങളിലും ദൈവാന്വേഷിയായിരിക്കുക എന്നത് ഈ ഭൂമിയിലെ ജീവിതയാത്രയുടെ പുണ്യമാണ്.

ഇടവക ദൈവാലയങ്ങളാണ് നമുക്ക് സമീപിക്കാവുന്ന ഏറ്റവും അടുത്ത ദൈവസാന്നിധ്യ ഇടങ്ങൾ. വി. കുർബാനയ്ക്കായി ഇടവക ദൈവാലയത്തിലേക്ക് നടത്തുന്ന യാത്രയും തീർത്ഥാടനത്തിന്റെ ചെറിയ പതിപ്പാണ്. എന്നാൽ ഇതിനുപുറമേ വിശ്വാസ സമൂഹത്തിന്റെ ആത്മീയ ഉത്കർഷത്തിനായി ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളിലേക്ക് നടത്തുന്ന യാത്രകൾ ക്രിസ്തീയ ജീവിതത്തിന്റെ സാമൂഹികമാനത്തെക്കൂടി സൂചിപ്പിക്കുന്നു.

തീർത്ഥാടനങ്ങൾ ഒറ്റയ്ക്ക് എന്നതിലുപരി സമൂഹമായാണ് നടത്തുന്നത്. ഇത് ക്രിസ്തീയ ജീവിതം തനിച്ചുള്ള ഒരു യാത്രയല്ല, മറിച്ച്, ഭൂവാസികളായ സഭ, ഒരുമിച്ചാണ് ദൈവത്തിങ്കലേക്ക് യാത്ര ചെയ്യുന്നത് എന്ന സൂചനയാണ് നൽകുന്നത്. നോമ്പു കാലത്ത് കുരിശുമലകളിലേക്ക് പീഡാനുഭവ രഹസ്യങ്ങൾ ധ്യാനിച്ച് തീർത്ഥാടനം നടത്തുന്ന പതിവ് നമുക്കുണ്ട്. ദുഃഖവെള്ളിയാഴ്ച നമ്മുടെ ഇടവകയിലെ കുരിശുമലയിലേക്ക് തീർത്ഥാടനം നടത്തുന്നത് വലിയ ഒരു ഭക്തകൃത്യമാണ്. അതോടൊപ്പം നമ്മുടെ രൂപതയിലെ നോമ്പുകാല തീർത്ഥാടന കേന്ദ്രമായ എഴുകുംവയൽ കുരിശുമലയിലേക്ക് രൂപതാ കുടുംബം ഒന്നാകെ രൂപതാധ്യക്ഷന്റെ നേതൃത്വത്തിൽ നടത്തുന്ന തീർത്ഥാടനം വലിയ സാക്ഷ്യവും വിശ്വാസപ്രഘോഷണവുമാണ്. മാർച്ച് 31 നാൽപ്പതാം വെള്ളിയാഴ്ച രാവിലെ 10 മണിക്ക് മലയടിവാരത്തുനിന്നും കുരിശിന്റെവഴി ധ്യാനിച്ച് മലകയറും.

അതിനൊരുക്കുമായി രൂപതയുടെ വിവിധ കേന്ദ്രങ്ങളിൽ നിന്ന് ഭക്തസംഘടനകളുടെ നേതൃത്വത്തിൽ ആളുകൾ കാൽനട തീർത്ഥാടനം നടത്തി എഴുകുംവയലിൽ എത്തിച്ചേരുന്നു.

രൂപത ഒരു കുടുംബം എന്ന നിലയിൽ നമുക്ക് ഈ തീർത്ഥാടനത്തിൽ അണിചേരാം... വിശ്വാസം പ്രഘോഷിക്കാം... ഒരുമയുടെയും ത്യാഗത്തിന്റെയും പ്രാർത്ഥനയുടെയും സാക്ഷ്യം നൽകാം...



## ആത്മവിശുദ്ധീകരണത്തിന്റെ
# നോമ്പുകാലം

-ഫാ. ജിൻസ് കാരയ്ക്കാട്ട്

ക്രൈസ്തവ ജീവിതത്തിൽ ഉപവാസത്തിന് വലിയ പ്രാധാന്യമുണ്ട്. ദുഷ്ടാരൂപികൾക്കെതിരേ പോരാടാനും നിത്യരക്ഷ ലക്ഷ്യംവച്ച് പുണ്യത്തിൽ ജീവിക്കുവാനും ശത്രുത ചെറുക്കാനുമുള്ള ആയുധമാണ് ഉപവാസം. ജഡിക മനുഷ്യനെ ആത്മീയ മനുഷ്യനാക്കുവാനും അരൂപിയാൽ നയിക്കപ്പെടാനും ദൈവഹിതത്തിന് വിധേയപ്പെടാനും ഉപവാസം സഹായിക്കും. സാർവത്രിക സഭ മുഴുവൻ നടത്തുന്ന ഉപവാസം, സഭയ്ക്ക് പിശാചിന്റെ കൂരമ്പുകൾക്കെതിരെയുള്ള ശക്തമായ കോട്ടയാണ്. ഉപവാസം, പാപം നമ്മിലുണ്ടാക്കിയ മുറിവുണക്കി ആധ്യാത്മിക ശുദ്ധീകരണത്തി നുള്ള വഴിതെളിക്കുന്നു.

**ഉപവാസം ക്രൈസ്തവ ജീവിതത്തിൽ**

'*Nesteuo* എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് ഉപവാസം എന്ന വാക്കിന്റെ ഉത്ഭവം. ഇത് മതാനുഷ്ഠാനപരമായ ഉപവാസത്തെ സൂചിപ്പിക്കുന്നു. '*Nestea*' എന്ന പദത്തിന് 'ഭക്ഷണം കഴിക്കാത്ത അവസ്ഥ', 'വിശന്നിരിക്കുന്ന അവസ്ഥ' എന്നൊക്കെയാണ് അർത്ഥം. ചില പ്രത്യേക കാലയളവിൽ ബോധപൂർവം ചില ഭക്ഷണപാനീയങ്ങൾ ഉപേക്ഷിക്കുന്നതാണ് ഉപവാസം, ക്രൈസ്തവ വീക്ഷണത്തിൽ ഉപവാസമെന്നാൽ 'കൂടെ വസിക്കുക' എന്നർത്ഥം. ഈശോ മിശിഹായോട് കൂടെയിരിക്കുവാനുള്ള അവസരമാണിത്. ഇത്തരത്തിലുള്ള ആന്തരിക പരിവർത്തനത്തിന്റെ നാളുകളാണ് ഉപവാസം. മനസ്തപിക്കുന്ന പാപിയുടെ ഭക്ഷണം എന്ന പ്രതീകാർത്ഥം സസ്യാഹാരത്തിനുണ്ട്. അതുകൊണ്ടാണ് ഉപവാസത്തിന്റെ നാളുകളിൽ സസ്യാഹാരം കഴിക്കുന്നത്. ഉപവാസം അർത്ഥ സമ്പുഷ്ടമാകുന്നത് പ്രാർത്ഥനയും ദാനധർമവും ഉപവാസവും ഒന്നുചേരുമ്പോഴാണ്.

**ഉപവാസം പഴയ നിയമത്തിൽ**

പഴയനിയമ ചരിത്രത്തിലുടനീളം ഉപവാസം പ്രഖ്യാപിച്ചിരുന്നത് കാണാം. ഒരു ദിവസവും മൂന്നു ദിവസവും ഏഴു ദിവസവും നാൽപതു ദിവസവും ദൈർഘ്യമുള്ള ഉപവാസങ്ങൾ അനുഷ്ഠിച്ചിരുന്നതായി പഴയ നിയമത്തിൽ കാണാം. കല്പനകൾ സ്വീകരിക്കുന്നതിനു മുമ്പായി മോശ മലമുകളിൽ നാൽപതു ദിനരാത്രങ്ങൾ ഉപവസിച്ചു (പുറ.24:12-18). ജറെമിയ പ്രവാചകന് ഇസ്രായേലിനെക്കുറിച്ചുണ്ടായ ദർശനത്തെക്കുറിച്ച് വായിച്ചറിഞ്ഞ ദാനിയേൽ ചാക്കുടുത്ത് ചാരം പൂശി ഉപവസിച്ച് പ്രാർത്ഥിച്ചു (ദാനി.9:1-3). ദൈവത്തിന്റെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണതയിൽ മുഴുകിയ ദാവീദ് രാജാവ് ഉപവസിച്ചു (സങ്കീ.69:9-11). ആഹാബ് രാജാവ് താൻ ചെയ്തുകൂട്ടിയ പാപത്തിന്മേൽ പശ്ചാത്തപിച്ച് വസ്ത്രം കീറി ചാക്കുടുത്ത് ചാരം പൂശി ഉപവസിച്ചു (1 രാജാ.21:20-29).

**ഉപവാസം പുതിയ നിയമത്തിൽ**

പുതിയ നിയമത്തിലെ ഏറ്റവും പ്രധാന ഉപവാസം ഈശോയുടെ മരുഭൂമിയിലെ ഉപവാസം തന്നെയാണ്. പഴയനിയമത്തിൽ നിന്ന് വ്യത്യസ്തമായി പുതിയ നിയമത്തിൽ ഈശോ ഉപവാസത്തിന് പുതിയ മാനങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. അവിടുന്ന് പറയുന്നു: ''നിങ്ങൾ ഉപവസിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ വിഷാദം ഭാവിക്കരുത്. ഉപവസിക്കുകയാണെന്ന് അന്യരെ കാണിക്കാൻ മുഖം വികൃതമാക്കരുത്. രഹസ്യങ്ങളറിയാവുന്ന കർത്താവ് നിനക്ക് പ്രതിഫലം നൽകും'' (മത്താ.6:16-18). പുതിയ നിയമത്തിൽ ഈശോ ഉപവാസത്തിന് വ്യക്തമായ നിർദ്ദേശം നൽകുന്നുണ്ട്. മറ്റുള്ളവരെ കാണിക്കാൻ ആരും സൽക്കർമങ്ങൾ അനുഷ്ഠിക്കരുത്. ഭിക്ഷ കൊടുക്കുമ്പോൾ അത് നാലാളെ അറിയിക്കാൻ ശ്രമിക്കുകയുമരുത്. നിന്റെ വലത്തുകൈ ചെയ്യുന്നത് ഇടത്തുകൈ അറിയരുത്. കപടനാട്യക്കാരെപ്പോലെ പ്രാർത്ഥിക്കരുത്. രഹസ്യമായി ഹൃദയത്തിലായിരിക്കണം പ്രാർത്ഥിക്കേണ്ടത്. രഹസ്യങ്ങൾ അറിയുന്ന കർത്താവ് നമുക്ക് പ്രതിഫലം തരും' (മത്താ.6:1-8). ക്രിസ്തു നമ്മുടെ ഉള്ളം പരിശോധിക്കുന്നവനാണ്. താപസനായ മാർസിയാനസ് പഠിപ്പിക്കുന്നു, കുറച്ച് ഭക്ഷിക്കുന്നതോ കുറെ ദിവസത്തേക്ക് ഭക്ഷിക്കാതിരിക്കുന്നതോ അല്ല യഥാർത്ഥ ഉപവാസം. അത് തുടർച്ചയായ വിശപ്പാണ്. ഉപവാസത്തിന്റെ ലക്ഷ്യം ഉദരത്തെ വലിയ ഭാരത്തിൽനിന്നും സ്വതന്ത്രമാക്കി മനസിനെ പ്രാപഞ്ചിക കാര്യങ്ങളിൽ നിന്നും രക്ഷപ്പെടുത്തുക എന്നതാണ്.

**സഭാപിതാക്കന്മാരുടെ ദർശനം**

വിശുദ്ധി സൂക്ഷിക്കാനുള്ള ഉപാധിയാണ് ഉപവാസം എന്ന് മാർ അപ്രേം പഠിപ്പിക്കുന്നു. ഉപ്പ് മാംസം കേടാകാതെ സൂക്ഷിക്കുന്നതുപോലെ ഉപവാസംവഴി നാം പുണ്യത്തിൽ സംരക്ഷിക്കപ്പെടുന്നുവെന്ന് അദ്ദേഹം ഓർമപ്പെടുത്തുന്നു. നാം ശരീരംകൊണ്ടും ആത്മാവുകൊണ്ടും ഉപവസിക്കണമെന്നാണ് വിശുദ്ധ അത്തനേഷ്യസ് പറയുന്നത്. കാരണം തിന്മയുടേതായ പ്രവൃത്തികൾ ഉപേക്ഷിക്കുകയും ആത്മാവിന് ആലങ്കാരികമായി ഉപകരിക്കുന്ന നന്മകൾ ഭക്ഷിക്കുകയും ചെയ്യുന്നതുവഴി ആത്മാവ് വിശുദ്ധീകരിക്കപ്പെടുന്നു. സാത്താനെതിരെയുള്ള ഫലപ്രദമായ മാർഗമാണ് ഉപവാസമെന്നാണ് അദ്ദേഹത്തിന്റെ വാദം. വിശുദ്ധ ബേസിൽ പറയുന്നത്: ''മിശിഹായുടെ മരണവും ഉത്ഥാനവും പ്രഘോഷിക്കാനാണ് നാം ഉപവസിക്കുന്നത്. അതുവഴിയായി നാം മിശിഹായെ അറിയുകയും മിശിഹായോടു ചേർന്ന് ക്രൂശിക്കപ്പെടുകയും ചെയ്യുന്നു''.

**അൻപതുനോമ്പിന്റെ ചൈതന്യം**

അൻപതു ദിവസത്തെ ഉപവാസം മിശിഹായുടെ നാൽപത് ദിനരാത്രങ്ങളിലെ ഉപവാസത്തെയും അതിനൊടുവിലെ പ്രലോഭനത്തെയും കുരിശുമരണത്തെയും അനുസ്മരിപ്പിക്കുന്നു. ഈ ഉപവാസംവഴി മിശിഹായുടെ പെസഹാരഹസ്യത്തിൽ നാമും പങ്കുകാരാകുന്നു. ഒപ്പം യേശുക്രിസ്തുവിന്റെ കുരിശിൽ നാം പങ്കുചേരുകയും അനുദിന ജീവിതകുരിശുകളെ സന്തോഷത്തോടെ വഹിക്കാനുള്ള ശക്തി ആർജിക്കുകയും ചെയ്യുന്നു.

പൂർവികർ കാട്ടിത്തന്ന ഈ വിശ്വാസത്തിന്റെ പൈതൃകം നഷ്ടമാകാതെ നമുക്ക് കാത്തുസൂക്ഷിക്കാം. ആന്തരിക പരിവർത്തനത്തിന്റെയും കൂടെവസിക്കലിന്റെയും നന്മയുടെ വസന്തം പെയ്തിറങ്ങുന്ന ഈ നോമ്പുകാലത്തിൽ ഈ പുണ്യചിന്തകൾ നമ്മെ വളർത്തട്ടെ.

# പ്രവേശന പരീക്ഷകൾക്ക് ഒരുങ്ങാം



• ബിബിൻ മോൻ വർഗീസ്
62 82 77 65 83

Read More




2023ലെ പ്രവേശനത്തിനുള്ള വിവിധ പ്രവേശനപ്പരീക്ഷകളുടെ തീയതികൾ സ്ഥാപനങ്ങൾ പ്രഖ്യാപിച്ചിരിക്കുകയാണ്. ചില പ്രവേശനപ്പരീക്ഷകൾ അടിസ്ഥാനമാക്കിയുള്ള പ്രവേശന അറിയിപ്പുകളും വന്നുതുടങ്ങി. അവ ഏതെക്കെയെന്ന് അറിയാം.

### ഐ.എസ്.ഐ. അഡ്മിഷൻ ടെസ്റ്റ്

ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എസ്.ഐ.) വിവിധ കേന്ദ്രങ്ങളിൽ നടത്തുന്ന ബാചിലർ, മാസ്റ്റേഴ്സ് പ്രോഗ്രാം പ്രവേശനത്തിനുള്ള ഐ.എസ്. ഐ. അഡ്മിഷൻ ടെസ്റ്റ് മെയ് 14- ന് നടത്തും. ബാച്ച്ലർ, മാസ്റ്റേഴ്സ്തല പ്രോഗ്രാമുകൾക്കുപുറമേ പി.ജി. ഡിപ്ലോമ, റിസർച്ച് പ്രോഗ്രാമുകളിലും അവ സരമുണ്ട്. മാർച്ച് 10 മുതൽ ഏപ്രിൽ അഞ്ചുവരെ അപേക്ഷിക്കാം. വിവരങ്ങൾക്ക്: www.isical,ac.in/admission/

### സി.എം.ഐ. അഡ്മിഷൻ ടെസ്റ്റ്

ചെന്നൈ മാത്തമാറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (സി.എം.ഐ.) നടത്തുന്ന വിവിധ ബാച്ചിലർ, മാസ്റ്റേഴ്സ്, പിഎച്ച്.ഡി. പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനപ്പരീക്ഷ മെയ് ഏഴിന് നടത്തും. അപേക്ഷ മാർച്ച് ഒന്നോടെ തുടങ്ങിയേക്കും. വിവരങ്ങൾക്ക് www.cmi.ac.in/admission/

### ഗോഖലെ ഇൻസ്റ്റിറ്റ്യൂട്ട്

പൂനെ ഗോഖലെ ഇൻസ്റ്റിറ്റ്യൂട്ട് പൊളിറ്റിക്സ് ആൻഡ് എക്കണോമിക്സ് നടത്തുന്ന ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശന പരീക്ഷ ജൂൺ 11നും 25നും നടത്തും അപേക്ഷ നൽകാനുള്ള സൗകര്യം മാർച്ച് 1 മുതൽ മെയ് 25 വരെ ലഭിക്കും വിവരങ്ങൾക്ക്. gipe.ac.in

### വെറ്ററിനറി യു.ജി. അഖിലേന്ത്യാ ക്വാട്ട: നീറ്റ് യു.ജി. റാങ്ക് പരിഗണിച്ച്

അംഗീകൃത വെറ്ററിനറി കോളേജുകളിൽ ബാച്ചലർ ഓഫ് വെറ്ററിനറി സയൻസ് ആൻഡ് ആനിമൽ ഹസ്ബൻഡറി (ബി.വി.എസ്.സി. ആൻഡ് എ.എച്ച്.) പ്രോഗ്രാമിലെ അഖിലേന്ത്യ ക്വാട്ട വിഭാഗത്തിൽ വരുന്ന 15 ശതമാനം സീറ്റുകൾ നികത്തുന്നത് നീറ്റ് യുജി 2023 മെറിറ്റ് അടിസ്ഥാനമാക്കിയാണ്. ഈ സീറ്റുകളിലെ പ്രവേശനത്തിൽ താല്പര്യമുള്ളവർ നിർബന്ധമായും മെയ് ഏഴു നടത്തുന്ന നീറ്റ് യു.ജി ക്ക് അപേക്ഷിച്ച അഭിമുഖീകരിക്കണം.

### എച്ച്. എസ്. ഇ.ഇ നിർത്തലാക്കി

മദ്രാസ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഐ.ഐ.ടി., ഹ്യുമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസൻ ഡിപാർട്ട്മെൻറ് നടത്തിവന്നിരുന്ന അഞ്ചുവർഷ ഇൻറഗ്രേറ്റഡ് എം.എ. പ്രോഗ്രാം 2023-24 വർഷംമുതൽ നിർത്തലാക്കി. ഇതിലേക്കുള്ള പ്രവേശനപ്പരീക്ഷയായ ഹ്യുമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസസ് എൻട്രൻസ് എക്സാമിനേ ഷൻ (എച്ച്.എസ്.ഇ.ഇ.) ഈവർഷം മുതൽ നടത്തുന്നതല്ല.2023 മുതൽ ഈ ഡിപ്പാർട്ടുമെൻറ്; ഡെവലപ്മെൻറ് സ്റ്റഡീസ്, ഇക്കണോമിക്സ്, ഇംഗ്ലീഷ് സ്റ്റഡീസ് എന്നിവയിൽ രണ്ടുവർഷ എം.എ. പ്രോഗ്രാം നടത്തുന്നതാണ്. പ്രവേശനത്തിന് ഗേറ്റ് 2023 സ്കോർ ഉപയോഗിക്കും.

വിവാഹ ഒരുക്ക സെമിനാർ
ആത്മജ്യോതി അടിമാലിയിൽ
മാർച്ച് 10-12, മാർച്ച് 31 - ഏപ്രിൽ 2, ഏപ്രിൽ 21-23,
രജിസ്ട്രേഷൻ എല്ലാ മാസവും 1,2 തീയതികളിൽ
9447413328, 8078755919, 6235931254

## നെസ്റ്റ് 2023 :മെറിറ്റ് പട്ടിക തയ്യാറാക്കുന്ന രീതിയിൽ മാറ്റം

രണ്ട് ദേശീയ സ്ഥാപനങ്ങളിലെ പഞ്ചവത്സര ഇന്റഗ്രേറ്റഡ് എംഎസ്സി പ്രോഗ്രാം പ്രവേശനായി നടത്തുന്ന നാഷണൽ എൻട്രൻസ് സ്ക്രീനിങ് ടെസ്റ്റ് മെറിറ്റ് പട്ടിക തയ്യാറാക്കുന്ന രീതിയിൽ 2022ലെ വ്യവസ്ഥകൾക്ക് മാറ്റം വരുത്തി.നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് (നൈസർ) മെറിറ്റ് പട്ടിക തയ്യാറാക്കുമ്പോൾ നാലു വിഷയങ്ങളുടെയും (മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി) സ്കോർ പരിഗണിച്ചിരുന്നു. സെൻട്രൽ ഫോർ എക്സ് ഇൻ ബേസിക് സയൻസ് മെറിറ്റ് പട്ടിക തയ്യാറാക്കുന്നതിന് ഏറ്റവും സ്കോർ നേടിയ മൂന്നു വിഷയങ്ങൾ സ്കോറാണ് പരിഗണിച്ചിരുന്നത്. 2023ലെ പ്രവേശനത്തിൽ മെറിറ്റ് പട്ടിക തയ്യാറാക്കാൻ രണ്ട് സ്ഥാപനങ്ങളുടെയും ഏറ്റവും മികച്ച സ്കോർ നേടുന്ന മൂന്നു വിഷയങ്ങളുടെ സ്കോർ ആയിരിക്കും പരിഗണിക്കുക. പരീക്ഷ തീയതി താമസിയാതെ പ്രഖ്യാപിക്കും വിവരങ്ങൾക്ക്. www.nestexam.

## ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷിക്കാം.

ബിരുദ പഠനത്തിന് നൽകുന്ന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പിന് കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ അപേക്ഷ ക്ഷണിച്ചു

### വിഷയങ്ങൾ

സയൻസ്, സോഷ്യൽ സയൻസ്, ഹ്യൂമാനിറ്റീസ്, ബിസിനസ് സ്റ്റഡീസ് വിഷയങ്ങളിൽ കേരളത്തിലെ സർക്കാർ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ എയ്ഡഡ് ബിരുദതല കോഴ്സിലോ സമാനമായ കോഴ്സുകളിൽ ഐ.എച്ച് ആർ.ഡി അപ്ലൈഡ് സയൻസ് കോളേജിലോ 2022-23 ഒന്നാം വർഷത്തിൽ പഠിക്കുന്നവർക്ക് അപേക്ഷിക്കാം പ്രൊഫഷണൽ/ സ്വാശ്രയ കോളേജിൽ പഠിക്കുന്നവരെ പരിഗണിക്കുന്നതല്ല.

### യുജി, പി.ജി പഠനത്തിന്

ബിരുദപഠനത്തിന് മൂന്നുവർഷം സ്കോളർഷിപ്പ് ലഭിക്കും. കോഴ്സിന്റെ ആദ്യവർഷം 12,000 രൂപയും രണ്ടാംവർഷം 18,000 രൂപയും മൂന്നാം വർഷം 24,000 രൂപയും. തുടർന്ന് പി.ജി. പഠനം നടത്തുന്നപക്ഷം രണ്ടുവർഷം കൂടി ലഭിക്കും. പി.ജി, ആദ്യവർഷം 40,000 രൂപയും പി.ജി. രണ്ടാംവർഷം 60,000 രൂപയും. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്റ്റോളർഷിപ്പായി ഈ നിരക്കിൽനിന്ന് 25 ശതമാനം കൂടി അധികമായി ലഭിക്കും. സ്കോളർഷിപ്പ് പുതുക്കി ലഭിക്കുന്നതിന് അക്കാദമിക് മികവ് തെളിയിക്കണം. 2022-23 ലേക്ക്, മൊത്തം 1000 സ്കോളർഷിപ്പുകളാണ് നൽകുന്നത്. ഓരോ സർവകലാശാലയിലും ഓരോ ടീമിലും അനുവദിച്ചിട്ടുള്ള ആകെ സീറ്റുകൾക്ക് ആനുപാതികമായിട്ടായിരിക്കും അനുവദിക്കുന്നത്. മറ്റേതെങ്കിലും തരത്തിലുള്ള സ്റ്റോളർഷിപ്പ് സ്റ്റൈപ്പൻഡ് ലഭിക്കുന്നവർക്ക് ഇതിന് അർഹതയില്ല. ഏതെങ്കിലും ഫീസ് ആനുകൂല്യം, പട്ടികവിഭാഗ വിദ്യാർഥികൾക്കുള്ള ലംസംഗ്രാൻ, കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഹിന്ദി സ്ക്കോളർഷിപ്പ് എന്നിവയെ ഈ വ്യവസ്ഥയുടെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

### പ്ലസ് ടു മാർക്ക്

അപേക്ഷിക്കാൻ പ്ലസ്ടു തലത്തിൽ ലഭിച്ചിരിക്കേണ്ട മിനിമം മാർക്ക് ഇപ്രകാരമാണ്.

- എസ്.ടി : എല്ലാ വിഷയങ്ങൾക്കും പാസ് മാർക്ക്
- എസ്.സി : സയൻസ്, ഹ്യുമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസ്- 55 ശതമാനം, ബിസിനസ് സ്റ്റഡീസ്- 60 ശതമാനം
- ഭിന്നശേഷി എല്ലാ വിഷയങ്ങൾക്കും 45 ശതമാനം
- ബി.പി.എൽ. ഒ.ബി.സി: സയൻസ്- 60 ശതമാനം, ഹ്യുമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസ് 55 ശതമാനം, ബിസിനസ് സ്റ്റഡീസ്- 65 ശതമാനം
- മറ്റുള്ളവർ സയൻസ് ആൻഡ് ബിസിനസ് സ്റ്റഡീസ്- 75 ശതമാനം, ഹ്യുമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസ്- 60

അപേക്ഷിക്കേണ്ട രീതി:
www.scholarship. kshec.gov.in വഴി മാർച്ച് 10 വരെ നൽകാം. തുടർന്ന് അപേക്ഷയുടെ പ്രിന്റൗട്ടും നിശ്ചിത രേഖകളും മാർച്ച് 17 നകം പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിക്കു നൽകണം.

# ഇടുക്കി രൂപതാ വിദ്യാഭ്യാസ ഏജൻസി അദ്ധ്യാപക–അനദ്ധ്യാപക അവാർഡുകൾ പ്രഖ്യാപിച്ചു



ഡോ. ലാലു തോമസ്



ജോയി ജോസഫ്



സി. ജെയ്സ്‌ലറ്റ് എസ്.ഡി



ലൈസാമ്മ ജോസഫ്



സാജു തോമസ്

ഇടുക്കി രൂപതാ വിദ്യാഭ്യാസ ഏജൻസി 2022-23 വർഷത്തെ അദ്ധ്യാപക-അനദ്ധ്യാപക അവാർഡുകൾ പ്രഖ്യാപിച്ചു. ഹയർ സെക്കണ്ടറി വിഭാഗത്തിൽ ചെമ്മണ്ണാർ സെന്റ് സേവ്യേഴ്സ് ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾ ഡോ.ലാലു തോമസും, ഹൈസ്കൂൾ വിഭാഗത്തിൽ മുരിക്കാശേരി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ ഹെഡ്മാസ്റ്റർ ജോയി ജോസഫും, യു.പി വിഭാഗത്തിൽ പാണ്ടിപ്പാറ സെന്റ്.ജോസഫ് യു.പി സ്കൂൾ ഹെഡ്മിസ്ട്രസ് സി. ജെയ്സ്‌ലറ്റ് എസ്.ഡി യും, എൽ പി. വിഭാഗത്തിൽ നിന്ന് വെള്ളയാംകുടി സെന്റ്. ജെറോംസ് എൽ. പി സ്കൂൾ അദ്ധ്യാപിക ലൈസാമ്മ ജോസഫും, അനദ്ധ്യാപക വിഭാഗത്തിൽ നിന്ന് കാന്തിപ്പാറ സെന്റ്. സെബാസ്റ്റ്യൻസ് ഹൈസ്കൂളിലെ ക്ലാർക്ക് സാജു തോമസും അവാർഡിന് അർഹരായി. പാഠ്യ-പാഠ്യേതര മേഖലകളിലെ മികച്ച സംഭാവനകൾ പരിഗണിച്ചാണ് എല്ലാ വർഷവും അവാർഡുകൾ നൽകുന്നത്. ഫെബ്രുവരി 11ന് മുരിക്കാശേരി പാവനാത്മ കോളേജിൽ വച്ച് നടന്ന അദ്ധ്യാപക-അനദ്ധ്യാപക സംഗമമായ, സ്നേഹസംഗമത്തിൽവച്ച് ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ അവാർഡുകൾ വിതരണം ചെയ്തു.

# കെ.സി.എസ്.എൽ കിഡ്സ് ഫെസ്റ്റ് : ഓവറോൾ കിരീടമണിഞ്ഞ് സെന്റ് ജോസഫ് യു പി സ്കൂൾ നാരകക്കാനം

മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് നടന്ന കെ സി എസ് എൽ കിഡ്സ് ഫെസ്റ്റിൽ ഓവറോൾ കിരീടമണിഞ്ഞ് സെന്റ് ജോസഫ് യു പി സ്കൂൾ നാരകക്കാനം വിജയികളായി. ഫെബ്രുവരി പതിനെട്ടാം തീയതി നടത്തപ്പെട്ട മത്സരങ്ങളുടെ ഉദ്ഘാടനകർമ്മം മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂൾ അസിസ്റ്റന്റ് മാനേജർ ഫാ. ജോർജ് പുല്ലാനിതുണ്ടത്തിൽ നിർവഹിച്ചു. അഞ്ച് വേദികളിലായി നടന്ന മത്സരങ്ങളിൽ 350ലധികം മത്സരാർത്ഥികൾ പങ്കെടുത്തു. മത്സരങ്ങളുടെ നടത്തിപ്പിന് രൂപതാ സമിതി എക്സിക്യൂട്ടീവ് അംഗങ്ങൾ നേതൃത്വം നൽകി. മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനദാനം രാജപുരം ക്രിസ്തുരാജ് പള്ളി വികാരി ഫാ. വർഗീസ് മറ്റം നിർവഹിച്ചു. വാശിയേറിയ മത്സരങ്ങളിൽ നാരകക്കാനം സെന്റ് ജോസഫ് യു പി സ്കൂൾ ഒന്നാം സ്ഥാനവും എല്ലക്കൽ സെന്റ് ആന്റണീസ് എൽ പി സ്കൂൾ, പാറത്തോട് സെന്റ് ജോർജ് എൽ പി സ്കൂൾ, രാജാക്കാട് ക്രിസ്തുജ്യോതി പബ്ലിക് സ്കൂൾ എന്നീ സ്കൂളുകൾ രണ്ടാം സ്ഥാനവും ബഥേൽ എസ് ജെ യു പി സ്കൂൾ, തോപ്രാംകുടി സെന്റ് മരിയ ഗൊരേത്തി എൽ പി സ്കൂൾ എന്നീ സ്കൂളുകൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.



# അന്യം നിന്നുപോകുന്ന നെൽകൃഷിക്ക് കരുത്തേകുവാൻ ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയും, കേരളാ സോഷ്യൽ സർവ്വീസ് ഫോറവും.



അന്യം നിന്നുപോകുന്ന നെൽകൃഷിക്ക് കരുത്തേകുവാനും കർഷകർക്ക് താങ്ങാകുവാനും, കൃഷിയിൽ നിന്ന് പിന്മാറുന്ന യുവ തലമുറയെ കൃഷിയിലേക്ക് അടുപ്പിക്കുവാനുമായി ഇടുക്കി രൂപതയുടെ സാമൂഹ്യക്ഷേമ വിഭാഗമായ ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയും, കേരള സോഷ്യൽ സർവ്വീസ് ഫോറവും സംയുക്തമായി മക്കുവള്ളിയിലെ തിരഞ്ഞെടുക്കപ്പെട്ട നെൽകർഷകർക്ക് സാമ്പത്തിക സഹായം നൽകുകയും, കൊയ്ത്തുത്സവം നടത്തുകയും ചെയ്തു. പരിപാടിയുടെ ഉദ്ഘാടനം കേരളാ സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജേക്കബ് മാവുങ്കലും, ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. മാത്യൂ തടത്തിലും സംയുക്തമായി നിർവ്വഹിച്ചു. പരുപാടിയിൽ KSSF പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. ജിത്തു, HDS പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. സിബി മാളിയേക്കൽ, പാടശേഖര സമിതി പ്രസിഡന്റ് ശ്രീ കുട്ടിച്ചൻ മുണ്ടക്കൽ, സെക്രട്ടറി ശ്രീ. ജോസ് കാഞ്ഞിരമലയിൽ, മക്കുവള്ളിയിലെ കർഷകർ തുടങ്ങിയവർ പങ്കെടുത്തു.

*നെൽകൃഷി വിളവെടുപ്പ് ഉദ്ഘടനം KSSF ഡയറക്ടർ ഫാ . ജേക്കബ് മാവുങ്കൽ, HDS എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ, KSSF പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. ജിത്തു, HDS പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ എന്നിവർ സമീപം.*

# കത്തോലിക്ക കോൺഗ്രസ് മുൻകാല രൂപതാ ഭാരവാഹീസംഗമം നടത്തി

കത്തോലിക്ക കോൺഗ്രസ് ഇടുക്കി രൂപതാ സമിതിയുടെ നേതൃത്വത്തിൽ 2003 മുതൽ രൂപതയിൽ സംഘടനയ്ക്ക് നേതൃത്വം നല്കിയ മുൻകാല രൂപതാ ഭാരവാഹികളുടെ കുടുംബ സംഗമം നെടുംകണ്ടത്ത് സംഘടിപ്പിച്ചു. ജോസ് പുത്തൂരിന്റെ വസതിയിൽ ചേർന്ന സ്നേഹ സംഗമം മുൻ രൂപതാ ഡയറക്ടർ ഫാ. ജോർജ് പാട്ടത്തേക്കുഴി ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡൻറ് ജോർജ് കോയിക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടവക്കണ്ടം മുഖ്യ പ്രഭാഷണം നടത്തി. സംഗമത്തിന് ആശംസകൾ അറിയിച്ചു കൊണ്ട് നെടുംകണ്ടം ഇടവക വികാരി ഫാ. ജയിംസ് ശൗര്യാംകുഴി, രൂപതാ ജന. സെക്രട്ടറി സിജോ ഇലന്തൂർ, അസി. ഡയറക്ടർ ഫാ. ജിൻസ് കാരയ്ക്കാട്ട്, ജോസുകുട്ടി ഒഴുകയിൽ, ജോസ് തോമസ് ഒഴുകയിൽ, ജോസുകുട്ടി മാടപ്പള്ളി, ജോസഫ് കുര്യൻ ഏറമ്പടം എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.



# കുടുംബ കൂട്ടായ്മകൾ ക്രൈസ്തവ സമൂഹത്തിന്റെ വളർച്ചയ്ക്ക് വഴിയൊരുക്കണം : മാർ ജോൺ നെല്ലിക്കുന്നേൽ



കാലഘട്ടത്തിന്റ വെല്ലുവിളികളെ നേരിടാൻ തക്ക വിധം കുടുംബ കൂട്ടായ്മകൾ ശക്തമാകണമെന്നും കൂട്ടായ്മ ശക്തമാകുന്നത് ക്രൈസ്തവ സമൂഹത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും വഴിയൊരുക്കുമെന്നും ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ. മുരിക്കാശ്ശേരിയിൽ വച്ച് നടന്ന രൂപതാതല കുടുംബ കൂട്ടായ്മ നേതൃസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംഘടിതരാകാത്തവർ അവഗണിക്കപ്പെടുന്ന കാലത്താണ് നമ്മൾ ജീവിക്കുന്നത്. വിദ്യാഭ്യാസവും സാമൂഹികവും സാമ്പത്തികവുമായ വളർച്ച ഉണ്ടാകണമെങ്കിൽ സംഘടിതമായ ചുവടുവയ്പ്പ് അനിവാര്യമാണെന്ന് എന്ന് അദ്ദേഹം ഓർമിപ്പിച്ചു. സമൂഹം നേരിടുന്ന വിവിധ പ്രശ്നങ്ങൾ കുടുംബകൂട്ടാമ തലത്തിൽ ചർച്ച ചെയ്യപ്പെടുകയും ഉചിതമായ പ്രതികരണങ്ങൾ നടത്തുകയും വേണം. സമൂഹത്തിന് നേതൃത്വം കൊടുക്കാൻ പര്യാപ്തരായ നല്ല നേതൃനിര കൂട്ടായ്മയിൽ നിന്നും വളർന്നു വരേണ്ടതുണ്ട്. സമൂഹത്തിൽ ഉന്നതമായ രംഗങ്ങളിലേക്ക് വളർന്നു വരാൻ പുതിയ തലമുറയ്ക്ക് പ്രചോദനവും പ്രോത്സാഹനവും കൊടുക്കാനും നല്ല കൂട്ടായ്മ ബന്ധങ്ങൾ വഴി സാധ്യമാകുമെന്നും ബിഷപ് ഓർമിപ്പിച്ചു. മുരിക്കാശേരി ഫൊറോന പള്ളി വികാരി വെരി. റവ. ഫാ. ജോസ് നരിതൂക്കിൽ രൂപതാ ഡയറക്ടർ ഫാ. മാത്യു പുതുപ്പറമ്പിൽ, ശ്രീ. ഷാജി വൈക്കത്തുപറമ്പിൽ എന്നിവർ പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകി വിവിധ ഇടവകകളിൽ നിന്നുമായി നിരവധിപേർ പങ്കെടുത്തു

# ബൈബിൾ കത്തിച്ചതിനെതിരേ കീരിത്തോട് ഇടവകയിൽ വ്യത്യസ്തമായ പ്രധിഷേധം

ക്രൈസ്തവരായ നമ്മുടെ വിശ്വാസത്തിന് ആധാരമായ വിശുദ്ധ ബൈബിൾ കഴിഞ്ഞ ദിവസം കത്തിക്കാൻ ഇടയായ സംഭവത്തിൽ പ്രതിഷേധിച്ചു. ക്രൈസ്തവരുടെ വിശ്വാസത്തിന്റെ ആധാരമാണ് വിശുദ്ധ ബൈബിൾ. അത് ബോധപൂർവ്വം അഗ്നിക്കിരയാക്കുന്നത് മതേതര സംസ്കാരത്തിന് എതിരെയുള്ള വെല്ലുവിളിയാണ്. സമാനമായിട്ടുള്ള ഇത്തരം പ്രവർത്തനങ്ങൾ ഉണ്ടാകുന്നത് ആശങ്കാജനകമാണ്. കീരിത്തോട് സെന്റ് മേരീസ് പള്ളിയിൽ വിശുദ്ധ കുർബാനയ്ക്കു ശേഷം വിശ്വാസികൾ ഭവനങ്ങളിൽ നിന്ന് കൊണ്ടുവന്ന വിശുദ്ധ ഗ്രന്ഥവും കത്തിച്ച മെഴുകുതിരികളുമായി ബൈബിൾ വന്ദനറാലിയിൽ പങ്കെടുത്തു. ഇടവക വികാരി റവ. ഫാ. തോമസ് വലിയമംഗലം പരിപാടികൾക്ക് നേതൃത്വം നൽകി. കെ സി വൈ എം രൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് നടുപ്പടവിൽ പ്രാർത്ഥനാ ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു. രൂപതാ മീഡിയ കമ്മീഷൻ ഡയറക്ടർ റവ. ഫാ. കാരയ്ക്കാട്ട് വിഷയാവതരണം നടത്തി. കെ സി എസ് എൽ രൂപതാ ഡയറക്ടർ റവ. ഫാ. ജേക്കബ് മങ്ങാടംപിള്ളിൽ, സിസ്റ്റേഴ്സ്, സംഘടനാ ഭാരവാഹികൾ എന്നിവർ സംസാരിച്ചു. ഇടുക്കി രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും ഭവനങ്ങളിലും ആഘോഷമായ ബൈബിൾ പ്രതിഷ്ഠ നടത്തണമെന്ന് രൂപതാധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ ആഹ്വാനം ചെയ്തു. ആരെയും വെറുക്കാതെ ഏവരേയും സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ഉദാത്ത സ്നേഹത്തിന്റെ ആഹ്വാനമാണ് വിശുദ്ധ ബൈബിൾ നൽകുന്നത്. നിന്ദിക്കപ്പെട്ട ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രമായ ദൈവവചനത്തെ അഭിമാനത്തോടെ ചേർത്ത് പിടിക്കുവാ നും ആദരവോടെ വണങ്ങുവാനും പ്രാർത്ഥനാപൂർവ്വം വായിക്കുവാനും ധ്യാനിക്കുവാനും നമുക്ക് കഴിയണം എന്ന് അദ്ദേഹം ഓർമിപ്പിച്ചു.




# രോഗാവസ്ഥയിൽ ജീവിതയാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ട് ദൈവത്തിന് നന്ദി പറയണം: മാർ ജോൺ നെല്ലിക്കുന്നേൽ

രോഗാവസ്ഥയിൽ എത്തിയവർ നഷ്ട ധൈര്യരും നിരാശരുമായി മാറാതെ ജീവിതയാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ട് ദൈവത്തിന് നന്ദി പറയുന്നവരായി മാറണമെന്ന് ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ. രോഗീ ദിനത്തോടനുബന്ധിച്ച് ഇടുക്കി രൂപതാ കരിസ്മാറ്റിക് നവീകരണത്തിന്റെ നേതൃത്വത്തിൽ ആയിരമേക്കർ സെന്റ് തോമസ് പള്ളിയിൽ നടത്തിയ രോഗീ ദിനാചരണത്തിലും പ്രാർത്ഥനാ ശുശ്രൂഷയിലും സംസാരിക്കുകയായിരുന്നു അദ്ദേഹം. രോഗത്തിന്റെ ക്ലേശങ്ങളും ബുദ്ധിമുട്ടുകളും ദൈവത്തിൽ നിന്ന് അകന്നുപോകാൻ ഇടയാക്കരുത്. കൂടുതൽ പ്രത്യാശ നിറഞ്ഞ മനോഭാവത്തോടെ ദൈവത്തിൽ ആശ്രയിക്കാൻ ഈ സാഹചര്യങ്ങൾ നമ്മെ സഹായിക്കണം. എല്ലാവരോടും നന്ദിയുള്ളവരായി കഴിയുവാനും എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുവാനും ഈ സാഹചര്യത്തിൽ പരിശ്രമിക്കേണ്ടതുണ്ട്. ഫ്രാൻസിസ് മാർപാപ്പ ഉദ്ബോധിപ്പിക്കുന്നതു പോലെ നല്ല സമാറായന്റെ ഉപമയിലെ സമരിയക്കാരൻ സത്രസൂക്ഷിപ്പുകാരനോട് പറഞ്ഞ വാക്യം 'ഇവന്റെ കാര്യം നോക്കി കൊള്ളണം' എന്നതായിരിക്കണം രോഗികളോടുള്ള നമ്മുടെ മനോഭാവവും വാർദ്ധക്യത്തിലും രോഗാവസ്ഥയിലും എത്തിയിരിക്കുന്നവരെ ശുശ്രൂഷിക്കുക എന്നുള്ളത് ക്രിസ്തീയമായ പുണ്യമാണ് എന്ന് മനസ്സിലാക്കണം എന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. വിവിധ ഇടവകകളിൽനിന്നു മായി എത്തിച്ചേർന്ന നൂറുകണക്കിന് രോഗികൾ ശുശ്രൂഷകളിൽ സംബന്ധിച്ചു. കരിസ്മാറ്റിക് നവീകരണം രൂപത ഡയറക്ടർ ഫാ.ജോസഫ് നടുപ്പടവിൽ വിശുദ്ധ കുർബാന അർപ്പിച്ചു. അഭിഷേക പ്രാർത്ഥനയ്ക്ക് മാർ ജോൺ നെല്ലിക്കുന്നേൽ കാർമികത്വം വഹിച്ചു. ഫാ. ജോസഫ് നടുപ്പടവിൽ, ഫാ. ജോർജ് തുമ്പനിരപ്പേൽ ഫാ. ജോർജ് കരിവേലിക്കൽ, ഫാ. ജോർജ് നമ്പ്യാപറമ്പിൽ, ഫാ. ഫിലിപ്പ് പാറക്കൽ എന്നിവർ നേതൃത്വം നൽകി





# കരുണ ആനിമേഷൻ സെന്റർ ഉദ്ഘാടനം ചെയ്തു



*കരുണാ ആനിമേഷൻ സെന്ററിന്റെ ഉദ്ഘാടനം ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ നിർവഹിക്കുന്നു. ഫാ. ജെയിംസ് മാക്കിയിൽ, ശ്രീമതി. ഷൈനി മാത്യു മാവേലിൽ, റവ. സി.ടെസ്‌ലിൻ എസ് എച്ച്, മോൺ. അബ്രാഹം പുറയാറ്റ്, റവ. ഫാ. ജെയിംസ് ശൗര്യാംകുഴിയിൽ എന്നിവർ സമീപം*

ഇടുക്കി രൂപതയുടെ കീഴിൽ 2019 വരെ പ്രവർത്തിച്ചിരുന്ന കരുണ ആശുപത്രി സമുച്ചയം വിവിധ അജപാലന ശുശ്രൂഷകൾക്കായി പുന:ക്രമീകരിച്ചുകൊണ്ടിരിക്കുന്നതിന്റെ ആദ്യ വിഭാഗമായ 'കരുണാ ആനിമേഷൻ സെന്ററി' ന്റെയും 'ഡിവൈൻ മേഴ്സി ചാപ്പലി'ന്റെയും വെഞ്ചെരിപ്പ് ഇടുക്കി രൂപതാ മത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ നിർവഹിച്ചു. ഇടുക്കി രൂപതയുടെ കീഴിൽ വിവിധങ്ങളായ കർമ്മ പദ്ധതികൾക്ക് വേണ്ടിയിട്ടാണ് ആനിമേഷൻ സെന്റർ പ്രവർത്തനം ആരംഭിക്കുന്നത്. വൈദികർക്കും, സമർപ്പിതർക്കും, അൽമായർക്കും വേണ്ടി താമസിച്ചുള്ള ധ്യാനങ്ങൾ, സെമിനാറുകൾ, പരിശീലന പരിപാടികൾ തുടങ്ങിയവ നടത്തത്തക്ക വിധത്തിലാണ് ഇവിടം സജ്ജീകരിച്ചിരിക്കുന്നത്.

ഹൈറേഞ്ചിലെ പ്രധാന ടൗൺ ആയ നെടുങ്കണ്ടം കേന്ദ്രീകരിച്ച് വിവിധ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിനും, ആളുകൾക്ക് ആശ്രയകേന്ദ്രമായ പ്രാർത്ഥനാലയം ക്രമീകരിക്കുന്നതിനും ആനിമേഷൻ സെന്റർ കാരണമായിത്തീരുമെന്ന് ഉദ്ഘാടന സന്ദേശത്തിൽ ബിഷപ്പ് പറഞ്ഞു. ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. അബ്രഹാം പുറയാറ്റ്, നെടുങ്കണ്ടം ഫൊറോന പള്ളി വികാരി വെരി റവ. ഫാ. ജെയിംസ് ശൗര്യാംകുഴിയിൽ എന്നിവർ സഹകാർമികരായിരുന്നു. രൂപതയിലെ വൈദികരും സമർപ്പിതരും വിശ്വാസികളും ചടങ്ങിൽ പങ്കെടുത്തു.

# ഭിന്നശേഷി കർഷക അവാർഡുകൾ വിതരണം ചെയ്തു



ഇൻഫാം കർഷകദിനത്തോടനുബന്ധിച്ച് ഏർപ്പെടുത്തിയ ഭിന്നശേഷി കർഷക അവാർഡിന് മച്ചിപ്ലാവ് കാർമൽ ജ്യോതിയിലെ എ റ്റി തോമസ് ആക്കപ്പിള്ളിയും ജോജോ ജോർജ്ജും അർഹരായി. വാഴക്കുളം സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന യോഗം ഇൻഫാം മുൻ രക്ഷാധികാരി മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്തു. ഇൻഫാം സംസ്ഥാന പ്രസിഡന്റ് ജോസ് എടപ്പാട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ കോതമംഗലം ബിഷപ്പ് എമിരറ്റസ് മാർ ജോർജ് പുന്നക്കോട്ടിൽ നിന്നും ക്യാഷ് അവാർഡും പ്രശസ്തി പത്രവും ഏറ്റുവാങ്ങി. മാനേജിംഗ് ഡയറക്ടർ, രാഷ്ട്രദീപിക ലിമിറ്റഡ് ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ദേശീയ സെക്രട്ടറി ജനറൽ അഡ്വക്കേറ്റ് വി.സി സെബാസ്റ്റ്യൻ ദേശീയ സെക്രട്ടറി ഫാ. ജോർജ് പൊട്ടക്കൽ, സിസ്റ്റർ ബിജി ജോസ് സിഎംസി എന്നിവർ പ്രസംഗിച്ചു.

# മാർ മാത്യു ആനിക്കുഴിക്കാട്ടിൽ അവാർഡുകൾ പ്രഖ്യാപിച്ചു









***സണ്ണി ജോസഫ് പനച്ചനാനി, സണ്ണി തോമസ് കടൂത്താഴെ, ഫാ. ജോസഫ് പൗവ്വത്ത് എന്നിവർ അഭി. പിതാവിൽനിന്നും അവാർഡ് സ്വീകരിക്കുന്നു.***

ഇടുക്കി രൂപതാ കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ, ഇടുക്കി രൂപതയുടെ പ്രഥമ ഇടയൻ മാർ മാത്യു ആനിക്കുഴിക്കാട്ടിലിന്റെ പേരിൽ ഏർപ്പെടുത്തിയിട്ടുള്ള രണ്ടായിരത്തി ഇരുപത്തി രണ്ടിലെ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ അവാർഡുകൾ പ്രഖ്യാപിച്ചു.കാർഷികം, വിദ്യാഭ്യാസം, സാമൂഹ്യ സേവനം എന്നീ മേഖലകളിൽ സമഗ്ര സംഭാവന നൽകുന്ന വ്യക്തികൾക്കും സംഘടനകൾക്കുമാണ് അവാർഡുകൾ നൽകുന്നത്.

കാർഷിക മേഖലയിലെ മികച്ച സംഭാവനയ്ക്കുള്ള അവാർഡിന് തെരഞ്ഞെടുത്തിരിക്കുന്നത് ഇടുക്കി ജില്ലയിൽ പാലാറിൽ പ്രവർത്തിക്കുന്ന പാലാർ ടീ ഉടമ സണ്ണി ജോസഫ് പനച്ചനാനിയെയാണ്. തേയില, ഏലം, കുരുമുളക് കൃഷികൾക്കൊപ്പം, ആട്, കോഴി പശു, മത്സ്യം, മുയൽ തുടങ്ങിയ പക്ഷിമൃഗാദികളേയും പരിചരിക്കുന്ന സണ്ണി ജോസഫ് സ്വന്തമായി നിർമിക്കുന്ന പാലാർ ടീ കയറ്റി അയയ്ക്കുന്നതിനും പ്രത്യേകം ശ്രദ്ധ വയ്ക്കുന്നു.

വിദ്യാഭ്യാസ മേഖലയിലെ മികച്ച സംഭാവനയ്ക്കുള്ള അവാർഡ് കരസ്ഥമാക്കിയിരിക്കുന്നത് കോതമംഗലം മിൽവോക്കി അക്കാദമിയുടെ ഡയറക്ടർ സണ്ണി തോമസ് കടൂത്താഴെയാണ്. കുറഞ്ഞ ചിലവിൽ ഐ.ഇ.എൽ.ടി.എസ്, ഒ.ഇ.ടി, മറ്റ് ഭാഷാ പരിശീലനങ്ങൾ നൽകുന്നതിലും, വിദേശ ജോലിക്ക് ആവശ്യമായ മറ്റ് സംവിധാനങ്ങൾ ഒരുക്കുന്നതിലും യുവജനങ്ങൾക്ക് സഹായകരമായ രീതിയിൽ മികവുറ്റ വിദ്യാഭ്യാസം നൽകുന്ന സ്ഥാപനത്തിനുള്ള അംഗീകാരമാണ് സണ്ണി തോമസിന് ലഭിച്ചത്.

കഴിഞ്ഞ പത്ത് വർഷമായി ഇടുക്കി മെഡിക്കൽ കോളേജ്, ആയുർവേദ ആശുപത്രി എന്നിവിടങ്ങളിൽ രോഗികൾക്കും കൂട്ടിരുപ്പുകാർക്കും അത്താഴം നൽകുന്ന പ്രേഷിത പ്രവർത്തനം നടത്തുന്ന പ്രസ്ഥാനമാണ് ബേത്‌ലഹേം കാരിത്താസ്, ഇടുക്കി രൂപത.

സാമൂഹ്യ സേവനത്തിനുള്ള അവാർഡിന് തിരഞ്ഞെടുത്തിരിക്കുന്നത് ബേത്‌ലഹേം കാരിത്താസ് ഇടുക്കി രൂപതയെയാണ്. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഈ പ്രസ്ഥാനം അനേകം പാവങ്ങൾക്ക് സഹായമാണ്.

ഫെബ്രുവരി 11ന് മുരിക്കാശേരിയിൽ വച്ച് നടന്ന അധ്യാപക-അനദ്ധ്യാപക സംഗമമായ സ്നേഹസംഗമത്തിൽ വച്ച് അവാർഡുകൾ, ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ വിതരണം ചെയ്തു. പതിനായിരം രൂപയും പ്രശംസാപത്രവും, ഫലകവുമടങ്ങുന്നതാണ് അവാർഡ്.

# 115 സന്യാസിനിമാർ ദൈവശാസ്ത്ര ബിരുദം കരസ്ഥമാക്കി



ഇടുക്കി രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന വിവിധ സന്യാസ സമൂഹങ്ങളിലെ 115 സന്യാസിനിമാർ ദൈവശാസ്ത്രത്തിൽ ബിരുദം കരസ്ഥമാക്കി. തലശ്ശേരി ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നാണ് ഇവർ പഠനം പൂർത്തിയാക്കിയത്. മൂന്നുവർഷം നീണ്ടുനിന്ന കോഴ്സിൽ വിവിധ ദൈവശാസ്ത്ര വിഷയങ്ങളെക്കുറിച്ച് പഠനം നടത്തുകയും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്ത ശേഷമാണ് ഇവർ ബിരുദം കരസ്ഥമാക്കിയത്.

ഫെബ്രുവരി 13ന് തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പും ആൽഫ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുമായ മാർ ജോസഫ് പാംപ്ലാനി ബിരുദദാന ചടങ്ങ് നിർവഹിച്ചു. റവ.ഫാ.ടോം ഓലിക്കരോട്ട്, മുരിക്കാശ്ശേരി ഫൊറോന പള്ളി വികാരി റവ.ഫാ. ജോസ് നരിതൂക്കിൽ, അടിമാലി സെന്റ് ജൂഡ് പള്ളി വികാരി റവ.ഫാ.ജോസഫ് കൊച്ചുകുന്നേൽ പ്രൊവിൻഷ്യൽ സുപ്പീരിയർമാരായ റവ.ഡോ.സി. ടെസ്‌ലിൻ ജോസഫ് എസ്.എച്ച്, റവ.ഡോ.സി.സുഗുണ എഫ്സിസി, റവ.സി. ആനിപോൾ സിഎംസി എന്നിവർ ചടങ്ങുകളിൽ പങ്കെടുത്തു.

## രൂപതാതല തിരുബാലസഖ്യ ദിനാചരണം




ഫെബ്രുവരി പന്ത്രണ്ടാം തീയതി രൂപതാതല തിരുബാലസഖ്യ ദിനം മുരിക്കാശ്ശേരി സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ കുഞ്ഞുങ്ങളുടെ നേതൃത്വത്തിൽ ആചരിച്ചു. അന്നേദിവസം ഇരുന്നൂറോളം കുട്ടികളുടെ കാഴ്ചസമർപ്പണവും വി.കുർബാനയും നടന്നു. ക്രിസ്തുജ്യോതി വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ ഫാ.ഫിലിപ്പ് ഐക്കര തിരുബാലസഖ്യ ദിനം ഉദ്ഘാടനം ചെയ്തു. പ്രവർത്തനവർഷ ആൽബം രൂപതാ ഡയറക്ടർ ഫാ. ജേക്കബ് മാങ്ങാടംപള്ളിൽ പ്രകാശനം ചെയ്തു.

മുരിക്കാശ്ശേരി ഇടവകയിലെ കുഞ്ഞുങ്ങൾ തയ്യാറാക്കിയ 'ഞങ്ങളുടെ വിശുദ്ധർ' എന്ന മാഗസിൻ ഫൊറോനാ വികാരി വെരി. റവ. ഫാ. ജോസ് നരിതൂക്കിൽ പ്രകാശനം ചെയ്തു. തുടർന്ന് മുരിക്കാശ്ശേരി ഇടവകയിലെ കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.



*ആനക്കുളത്ത് പുതുതായി നിർമ്മിച്ച കുരിശടി*



*എഴുകുംവയലിൽ പുതുതായി നിർമ്മിച്ച 'മിസേരിയ' യുടെ വെഞ്ചെരിപ്പ് കർമ്മം അഭി. മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് നിർവഹിക്കുന്നു*

## നിര്യാതയായി



സി. ടെറസിറ്റ സി.എം.സി (86)

സി എം സി ഇടുക്കി കാർമ്മൽഗിരി പ്രോവിൻസിലെ സി.ടെറസിറ്റ സി എം സി, കാവുങ്കൽ, കുറവിലങ്ങാട് (86 വയസ്സ്-അടിമാലി കാർമ്മൽഗിരി പ്രൊവിൻഷ്യൽ ഹൗസ് അംഗം) നിര്യാതയായി. കൂമ്പൻപാറ, കോതമംഗലം മൂവാറ്റുപുഴ, കൊരണ്ടക്കാട്, വിമലഗിരി, മുട്ടുകാട്, നെല്ലിപ്പാറ, കാൽവരിമൗണ്ട്, പാറത്തോട്, മങ്കുവ , ഉപ്പുതോട്, അടിമാലി എന്നിവിടങ്ങളിൽ സിസ്റ്റർ സേവനമനുഷ്ഠിച്ചിരുന്നു.

# മൂല്യങ്ങൾ കൈമോശം വരാതിരിക്കാൻ യുവജനങ്ങൾ ശ്രദ്ധിക്കണം: മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ

യുവജനങ്ങളുടെ വിദേശ കുടിയേറ്റം നടക്കുന്ന കാലമാണിത്. ഏത് നാട്ടിൽ ചെന്നാലും ക്രൈസ്തവ മൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കാനും അത് പ്രഘോഷിക്കാനുമുള്ള പ്രേഷിത ദൗത്യം യുവജനങ്ങൾ ഏറ്റെടുക്കണമെന്ന് സീറോ മലബാർ സഭ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പറഞ്ഞു.




കെസിവൈഎം ഇടുക്കി രൂപത ഇരുപതാമത് വാർഷിക സെനറ്റ് സമ്മേളനം പാറത്തോട്ടിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കെസിവൈഎം ഇടുക്കി രൂപത പ്രസിഡന്റ് ശ്രീ അലക്സ് തോമസ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് ശ്രീ ഷിജോ ഇടയാടിയിൽ മുഖ്യപ്രഭാഷണവും രൂപത ഡയറക്ടർ റവ ജോസഫ് നടുപ്പടവിൽ ആമുഖ പ്രഭാഷണവും നടത്തി. രൂപതയിലെ വിവിധ ഇടവകകളിൽനിന്നും നിന്നും എത്തിച്ചേർന്ന ആയിരക്കണക്കിന് യുവജനങ്ങൾ വാർഷിക സെനറ്റിൽ സംബന്ധിച്ചു. വാർഷിക സെനറ്റിന് മുന്നോടിയായി പാറത്തോട് ബീനാമോൾ സ്റ്റേഡിയത്തിൽ നിന്ന് ആരംഭിച്ച യുവജന റാലി പാറത്തോട് സെന്റ് ജോർജ് ഫൊറോന പള്ളി വികാരി വെരി. റവ. ഫാ. ജോസ് ചെമ്മരപ്പിള്ളിൽ ഫ്ളാഗ് ഓഫ് ചെയ്തു. നിശ്ചല ദൃശ്യങ്ങളുടെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെ നടത്തിയ യുവജന റാലിയിൽ വിവിധ സാമൂഹിക വിഷയങ്ങളും വിശ്വാസ സമൂഹം നേരിടുന്ന പ്രതിസന്ധികളും അവതരിപ്പിക്കപ്പെട്ടു. ഘോഷയാത്രയ്ക്കും പ്രത്യേക മത്സരങ്ങൾ ക്രമീകരിച്ചിരുന്നു. പണിക്കൻകുടി, കീരിത്തോട് എന്നീ ഇടവകകൾ മികച്ച ഘോഷയാത്രയ്ക്കുള്ള സമ്മാനം കരസ്ഥമാക്കി. പണിക്കൻകുടി യൂണിറ്റ് ഏറ്റവും നല്ല ഫ്ലോട്ട് അവതരിപ്പിച്ചതിനുള്ള സമ്മാനവും കരസ്ഥമാക്കി. ബെസ്റ്റ് യൂണിറ്റായി തിരഞ്ഞെടുക്കപ്പെട്ട അടിമാലി യൂണിറ്റിനും ബെസ്റ്റ് റീജിനായി തിരഞ്ഞെടുക്കപ്പെട്ട നോർത്ത് റീജിയനുമുള്ള സമ്മാനങ്ങൾ രൂപത വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ വിതരണം ചെയ്തു. മാവടി ഇടവകാംഗം ജോയ്സ് ഇമ്മാനുവേൽ കെസിവൈഎം യൂത്ത് ഐക്കൺ ആയി തിരഞ്ഞെടുക്കപ്പെട്ടു. രണ്ടു ദിവസങ്ങളിലായി നടത്തപ്പെട്ട സമ്മേളനം പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പോടുകൂടി അവസാനിച്ചു.

## ചെറുപുഷ്പ മിഷൻലീഗ് അന്തർദേശിയ ഡയറക്ടറായി റവ. ഡോ. ജയിംസ് പുന്നപ്ലാക്കൽ നിയമിതനായി.




ചെറുപുഷ്പ മിഷൻ ലീഗ് അന്തർദേശിയ ഡയറക്ടറായി റവ. ഫാ. ജെയിംസ് പുന്നപ്ലാക്കൽ നിയമിതനായി

ഇടുക്കി രൂപതയിലെ മുരിക്കാശ്ശേരി ഇടവകാംഗമായ ഇദ്ദേഹം നിലവിവിൽ ജർമ്മനിയിലെ റോട്ടൻബർഗ് രൂപതയിൽ സേവനം ചെയ്യുകയാണ്. 2019 മുതൽ ചെറുപുഷ്പ മിഷൻലീഗ് ദേശീയ ഡയറക്ടറാണ്. നാലു വർഷത്തേക്കാണ് പുതിയ നിയമനം. വൈസ് ഡയറക്ടർമായി ഫാ. മാത്യു മുളയോലി (ഗ്രേറ്റ് ബ്രിട്ടൻ ) ഫാ. ഡാരിസ് ചെറിയാൻ (മിസ്സിസാഗാ കാനഡ), സി. ആൻ ഗ്രേസ് (തക്കല) സി. ആഗ്നസ് മരിയ (ചിക്കാക്കോ) എന്നിവരെയും തിരഞ്ഞെടുത്തു. കോതമംഗലം, ഇടുക്കി രൂപതകളിൽ ചെറുപുഷ്പ മിഷൻലീഗ് ഡയറക്ടറായി അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്.



*പൈനാവ് അമൽജ്യോതി സ്പെഷ്യൽ സ്കൂളിലെ പച്ചക്കറി വിളവെടുപ്പ്, മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിക്കുന്നു*

## ജെറിൻ ജെ. പട്ടാംകുളം കെസിവൈഎം ഇടുക്കി രൂപതാ പ്രസിഡന്റ്



*ജെറിൻ ജെ പട്ടാംകുളം*



*സാം സണ്ണി*

കെ.സി.വൈ.എം ഇടുക്കി രൂപതാ പ്രസിഡന്റായി ജെറിൻ ജെ പട്ടാംകുളം തിരഞ്ഞെടുക്കപ്പെട്ടു. പാറത്തോട്ടിൽ നടന്ന രൂപതാ സെനറ്റ് സമ്മേളനത്തിലാണ് തിരഞ്ഞെടുപ്പ് നടന്നത്. സീറോ മലബാർ സഭാ കൂരിയാ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ സെനറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി നൂറുകണക്കിന് യുവജനങ്ങൾ സെനറ്റിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് നടന്ന തിരഞ്ഞെടുപ്പിലാണ് ജെറിൻ ജെ പട്ടാംകുളത്തിനെ ഐകകണ്ഠേന തെരഞ്ഞെടുത്തത്. മങ്കുവ പട്ടാംകുളം ജോർളി - സിനി ദമ്പതികളുടെ മകനാണ് ജെറിൻ. ചെമ്മണ്ണാർ സെന്റ് സേവിയേഴ്സ് ഹയർ സെക്കൻഡറി സ്കൂളിലെ കൊമേഴ്സ് വിഭാഗം അധ്യാപകനാണ് അദ്ദേഹം. ജനറൽ സെക്രട്ടറി സാം സണ്ണി, വൈസ് പ്രസിഡന്റുമാരായി സച്ചിൻ സിബി, അഞ്ജലി ജോർജ്, സെക്രട്ടറിമാരായി ജോർജ് ജോസഫ്, അനിറ്റ സണ്ണി, ട്രഷറർ ജോയ്സ് ഇമ്മാനുവൽ,എക്സിക്യൂട്ടീവ് അംഗങ്ങളായി സച്ചിൻ തോമസ്, ആൽബി ബെന്നി, ആൽബി മോൾ, അഖില ആന്റണി എന്നിവരെയും തിരഞ്ഞെടുത്തു.

# ഫുട്ബോൾ മത്സരം




*FLAB ഫുട്ബോൾ മത്സരത്തിന്റെ ലോഗോ പ്രകാശനം മോൺ. ജോസ് പ്ലാച്ചിക്കൽ നിർവഹിക്കുന്നു. ഫൊറോനാ വൊക്കേഷൻ ഡയറക്ടർമാർ സമീപം*

ഇടുക്കി രൂപത വൊക്കേഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനും മയക്കുമരുന്ന് വ്യാപനം നടക്കുന്ന ഈ കാലഘട്ടത്തിൽ കുട്ടികളെ കായിക മേഖലയിലേക്ക് പ്രോത്സാഹിപ്പിക്കുന്നതിനുമായി ഫുട്ബോൾ മത്സരം നടത്തുന്നു.

***FLAB (Football Leauge - Altar Boys)*** എന്ന പേരിലാണ് ഫുട്ബോൾ മത്സരം സംഘടിപ്പിച്ചിട്ടുള്ളത്. റീജിയണൽ, രൂപത തലങ്ങളിലായിട്ടാണ് മത്സരം നടത്തുന്നത്. രൂപത കേന്ദ്രത്തിൽ ചേർന്ന ഫൊറോന വൊക്കേഷൻ ഡയറക്ടർമാരുടെ യോഗത്തിൽ രൂപത വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ ലോഗോ പ്രകാശനം നടത്തി.

# ബിഷപ്പ് ജോസഫ് മാർക്കെറ്റ്സ് ഇടുക്കി രൂപതയിൽ സന്ദർശനം നടത്തി



*ബിഷപ്പ് ജോസഫ് മാർക്കെറ്റ്സും മാർ ജോൺ നെല്ലിക്കുന്നേൽ പിതാവും രാജാക്കാട് ഇടവകയിലെ തിരുബാലസഖ്യ അംഗങ്ങളോടൊപ്പം*

ഓസ്ട്രിയയിലെ ക്ലാഗൻഫുർട്-ഗൂർക്ക് രൂപതാ മെത്രാൻ ബിഷപ്പ് ജോസഫ് മാർക്കെറ്റ്സ് ഇടുക്കി രൂപതയിൽ സന്ദർശനം നടത്തി. വാഴത്തോപ്പ് കത്തീഡ്രൽ, രാജകുമാരി തീർത്ഥാടന ദൈവാലയം, രാജാക്കാട് സെന്റ് ജോസഫ് ഫോർമേഷൻ സെന്റർ, എന്നിവിടങ്ങൾ അദ്ദേഹം സന്ദർശിച്ചു. പണിക്കൻകുടി സെന്റ് ജോൺ മരിയ വിയാനി പള്ളിയിലെ ഇടവക തിരുനാളിൽ അദ്ദേഹം സംബന്ധിച്ചു. രാജകുമാരി സെന്റ് മേരീസ് സെൻട്രൽ സ്കൂൾ ഹോസ്റ്റലിലെ കുട്ടികളുമായി നീണ്ട നേരം അദ്ദേഹം ആശയവിനിമയം നടത്തി.രാജാക്കാട് ക്രിസ്തുരാജ ഫൊറോനാ പള്ളിയിൽ അഭി. ജോൺ നെല്ലിക്കുന്നേൽ പിതാവിനോടൊപ്പം വി. കുർബാനയർപ്പിക്കുകയും തിരുബാലസഖ്യ ദിനാചരണത്തിൽ സംബന്ധിക്കുകയും ചെയ്തു. മൂന്നു ദിവസത്തെ സന്ദർശത്തിനു ശേഷം അദ്ദേഹം തിരികെ മടങ്ങി.



*വാഴത്തോപ്പിൽ വച്ച് നടന്ന കൈക്കാരൻമാരുടെ രൂപതാ സമ്മേളനത്തിൽ അഭി. പിതാവ് സംസാരിക്കുന്നു*

## ജോയ്സ് ഇമ്മാനുവൽ

## കെ. സി. വൈ. എം

# യൂത്ത് ഐക്കൺ



കെ.സി.വൈ.എം ഇടുക്കി രൂപതാ 2022 യൂത്ത് ഐക്കണായി ശ്രീ ജോയ്സ് ഇമ്മാനുവലിനെ തിരഞ്ഞെടുത്തു. സഭയോടുചേർന്നുള്ള മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്ന കെ സി വൈ എം അംഗത്തിന് നൽകുന്നതാണ് ഈ പുരസ്ക്കാരം.

ഇടവകയിലെ സജീവമായ പ്രവർത്തനം, കൂദാശകളിലും കൂട്ടായ്മകളിലുമുള്ള പങ്കാളിത്തം, ജീവകാരുണ്യ പ്രവർത്തനം, ഭവനനിർമ്മാണം സഹായം, രോഗി സന്ദർശനം, കെ.സി.വൈ.എം യൂണിറ്റ്, റീജിയൺ, രൂപതാ സമിതികളിലെ മാതൃകാപരമായ പ്രവർത്തങ്ങൾ എന്നിവ പരിഗണിച്ചാണ് ജോയ്സിന് പുരസ്ക്കാരം നൽകിയത്.

മാവടി ഇയാലിൽ ഇമ്മാനുവൽ-സെലിൻ ദമ്പതികളുടെ മകനാണ് ജോയ്സ്. സോണിയയാണ് ഭാര്യ. സി. എൽസിൻ, ജോബിൻ എന്നിവർ സഹോദരങ്ങളാണ്

# ആംബുലൻസ് വെഞ്ചെരിച്ചു



തോപ്രാംകുടി സെന്റ്. മരിയഗൊരേത്തി ഇടവക നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള ആംബുലൻസിന്റെ വെഞ്ചെരിപ്പ് മാർ ജോൺ നെല്ലിക്കുന്നേൽ നിർവഹിച്ചു. പരേതനായ പറയാൻകുഴി തോമസിന്റെ സ്മരണാർത്ഥം മകൻ പ്രിൻസാണ് ആംബുലൻസ് സംഭാവന ചെയ്തത്. ഇടവക വികാരി ഫാ. ജോർജ് കൊല്ലംപറമ്പിൽ ഫാ. ജോസഫ് ആലുങ്കത്താഴെ പറയാൻകുഴി കുടുംബാംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു



# എഴുകുംവയൽ കുരിശുമലയിൽ

## നോമ്പുകാല തീർത്ഥാടനവും കുരിശുമല കയറ്റവും

2023 ഫെബ്രുവരി 24 വെള്ളി മുതൽ ഏപ്രിൽ 16 ഞായർ വരെ

## 40-ാം വെള്ളി, ദുഃഖവെള്ളി, പുതുഞായർ പ്രത്യേക തിരുക്കർമ്മങ്ങൾ



ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

ക്രൂശിതിന്റെ പീഡാ സഹനങ്ങളെ ധ്യാനിച്ച് പാപ പരിഹാരം അനുഷ്ഠിക്കുന്നതിനും ഉത്ഥിതനിൽ നിന്നും അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനും എഴുകുംവയൽ കുരിശുമല തീർത്ഥാടനത്തിലേക്ക് ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു

| | | |
|---|---|---|
| പ്രസുദേന്തിമാർ | കൈകാരന്മാർ | ജോർജ് പാട്ടത്തേക്കുഴി (വികാരി)<br>ഫാ ജോസഫ് മരുതുംകുഴിയിൽ<br>(അസി വികാരി) |

### മാർച്ച് 03 — 2-ാം വെള്ളി

09.30am : പരിഹാരപ്രദക്ഷിണം കപ്പേളയിൽ നിന്നും കുരിശുമലയിലേക്ക്

11.00am : വി. കുർബാന, വചന സന്ദേശം
റവ. ഫാ. ജോസഫ് അക്കൂറ്റ്

04.30pm : വി. കുർബാന, വചന സന്ദേശം
റവ. ഫാ. ആന്റണി കുന്നത്തുംപാറ

### മാർച്ച് 10 — 3-ാം വെള്ളി

09.30am : പരിഹാരപ്രദക്ഷിണം കപ്പേളയിൽ നിന്നും കുരിശുമലയിലേക്ക്

11.00am : വി. കുർബാന, വചന സന്ദേശം
റവ. ഫാ. മാത്യു വെങ്ങാലൂർ

05.00pm : വി. കുർബാന, വചന സന്ദേശം
റവ. ഫാ. ഫിലിപ്പ് താഴത്തുവീട്ടിൽ

### മാർച്ച് 17 — 4-ാം വെള്ളി

09.30am : പരിഹാരപ്രദക്ഷിണം കപ്പേളയിൽ നിന്നും കുരിശുമലയിലേക്ക്

11.00am : വി. കുർബാന, വചന സന്ദേശം
റവ. ഫാ. ഫ്രാൻസീസ് ചുനയംമാക്കൽ

05.00pm : വി. കുർബാന, വചന സന്ദേശം
വെരി. റവ. ഫാ. ജെയിംസ് ശൗര്യാംകുഴി

### മാർച്ച് 24 — 5-ാം വെള്ളി

09.30am : പരിഹാരപ്രദക്ഷിണം കപ്പേളയിൽ നിന്നും കുരിശുമലയിലേക്ക്

11.00am : വി. കുർബാന, വചന സന്ദേശം
റവ. ഫാ. ബെന്നൊ പുതിയാപറമ്പിൽ

05.00pm : വി. കുർബാന, വചന സന്ദേശം
വെരി. റവ. ഫാ. ഫ്രാൻസീസ് ഇടവക്കണ്ടം

### മാർച്ച് 31 — 40-ാം വെള്ളി

10.00am : ഇടുക്കി രൂപതാ കുരിശുമല തീർത്ഥാടനം
മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിനൊപ്പം

12.00am : വി. കുർബാന, വചന സന്ദേശം
മോൺ. അബ്രാഹം പുറയാറ്റ്

05.00pm: വി. കുർബാന, വചനസന്ദേശം
വെരി. റവ. ഫാ. ജോസ് കരിവേലിക്കൽ

### ഏപ്രിൽ 7 — ദുഃഖവെള്ളി

07.00am : ദുഃഖവെള്ളി തിരുക്കർമ്മങ്ങൾ (ഇടവക ദൈവാലയത്തിൽ)

മുഖ്യകാർമ്മികൻ:
മാർ. ജോൺ നെല്ലിക്കുന്നേൽ

സഹകാർമ്മികർ: റവ. ഫാ. ജോർജ് പാട്ടത്തേക്കുഴി
റവ. ഫാ. ജോസഫ് മരുതുംകുഴിയിൽ
റവ. ഫാ. അബ്രാഹം മണിമലക്കുന്നേൽ

08.30am : 'കുരിശിന്റെ വഴി'
ഇടവക ദൈവാലയത്തിൽ നിന്നും കുരിശുമലയിലേയ്ക്ക്

11.30am : പീഡാനുഭവ സന്ദേശം
ക്രൂശിത രൂപ വണക്കം

03.00pm : കരുണക്കൊന്ത, പുത്തൻപാന

### ഏപ്രിൽ 14 — പുതുഞായർ

06.30am : വി. കുർബാന, പ്രസംഗം ഇടവക ദൈവാലയത്തിൽ

09.00am : കുരിശിന്റെ വഴി (പരിഹാരപ്രദക്ഷിണം) കപ്പേളയിൽ നിന്നും കുരിശുമലയിലേക്ക്

10.15am : കൊടിയേറ്റ്, ലദീഞ്ഞ് (മലമുകളിൽ)

10.30am : ആഘോഷമായ തിരുനാൾ കുർബാന
വചന സന്ദേശം
റവ. ഫാ. ജോസഫ് കട്ടക്കയം

12.15pm : പ്രദക്ഷിണം, സമാപനപ്രാർത്ഥന
സ്നേഹവിരുന്ന്






Printed and published by Fr Jins Karakkattu, Owned by Media Commission Diocese of idukki, Bishop's house, Manippara P.O, Karimpan, Idukki-685602, Kerala.
Published from Christujyothi Pastoral Centre, Chief Editor: Fr Jins Karackattu